## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3393 — 16/12/2015-ൽ മറുപടിയ്ക്ക്

## ഹോർട്ടികൾച്ചർ കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഹോർട്ടികൾച്ചർ കോർപ്പറേഷൻ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി എത്ര തുകയുടെ പച്ചക്കറി സംഭരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | ഹോർട്ടികോർപ്പിന്റെ കഴിഞ്ഞ നാലു വർഷങ്ങളിലെ പച്ചക്കറി സംഭരണതുകയുടെ വിശദാംശങ്ങൾ താഴെച്ചേർക്കും പ്രകാരമാണ്.<br>2011-12 - 1385.13 ലക്ഷം രൂപ<br>2012-13 - 3057.45 ലക്ഷം രൂപ<br>2013-14 - 9183.90 ലക്ഷം രൂപ<br>2014-15 - 6785.07 ലക്ഷം രൂപ |
| ബി) | പ്രസ്തുത പച്ചക്കറി പൂർണ്ണമായും സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നാണോ അതോ സംസ്ഥാനത്തിനു പുറത്തു നിന്നുള്ള കർഷകരിൽ നിന്നാണോ സംഭരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷകസംഘങ്ങൾ, സംഘമൈത്രി, വിഎഫ് പിസികെ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് പരമാവധി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. ഹോർട്ടികോർപ്പ് നാൽപ്പത്തിയഞ്ചോളം ഇനം പച്ചക്കറികളാണ് വിപണനം ചെയ്യുന്നത്. ഇപ്രകാരം വിപണനം ചെയ്യുന്ന പച്ചക്കറികളിൽ കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചു വരുന്നു. |
| സി) | ഉദ്യോഗസ്ഥർ സംസ്ഥാനത്തിനുള്ളിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുവാൻ കൂടുതൽ | സിയും, ഡിയും ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചു വരുന്നത്. കേരളത്തിലെ കർഷകരിൽ നിന്നും ലഭ്യമാകുന്ന എല്ലാ ഇനം പച്ചക്കറികളും സംഭരിക്കുന്നതിന് |

| | | | |
|---|---|---|---|
| | താൽപര്യം കാണിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഹോർട്ടികോർപ്പ് ജില്ലാ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | എങ്കിൽ ആ പ്രവണത പൂർണ്ണമായും ഒഴിവാക്കി സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നു മാത്രം അത് തികയാതെ വരുമ്പോൾ മാത്രം സംസ്ഥാനത്തിനു പുറത്തു നിന്ന് സംഭരിക്കാനും കർശന നിർദ്ദേശം നൽകുമോ; | | |
| ഇ) | പച്ചക്കറി സംഭരണത്തിൽ കേരള കർഷകരെ അവഗണിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കുമോ? | ഇ) | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ ,സ്വീകരിച്ചു വരുന്നതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. |

സെക്ഷൻ ഓഫീസർ